# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി.15/428/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി.15/428/2023 തീയ്യതി: 17/04/2023

# പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 16-01-2023 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 16-01-2023 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രേമാനന്ദ്.എസ്. ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ബീന.എം.വി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷീജ.വി.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ബേബി.കെ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധാമുരളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ബാബു ഒ എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കൃഷ്ണകുമാരൻ എം.വി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| പ്രമീള കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 17-11-2021 |
| ഒഴിവ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-11-2021 | 26-11-2021 |

| | | | |
|---|---|---|---|
| സിനി കെ.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 27-11-2021 | 31-03-2022 |
| ഉണ്ണിറാം എ.എച്ച് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. പ്രവീൺ കെ.പി | മെഡിക്കൽ ഓഫീസർ (FHC ) | 01-04-2021 | 31-03-2022 |
| ബിന്റെ ടി.ജെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ. സുമയ്യ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| രേണുകാദേവി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| രാധിക പി.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 23-07-2021 |
| ജയപ്രകാശ് സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-07-2021 | 13-10-2021 |
| ജയലക്ഷ്മി കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-10-2021 | 16-11-2021 |
| പ്രിയ പി.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-11-2021 | 07-12-2021 |
| അജുന എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-12-2021 | 31-03-2022 |
| ഡോ. ചിത്രിമ ശീതൾ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 12 | സഞ്ചയ -ലൈസൻസ്-പെർമിറ്റ് വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-12 |
| 13 | തൊഴിലുപ്പ് പദ്ധതിയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-13 |
| 14 | സംസ്ഥാന ഓഡിറ്റ് വകുപ്പിന് കണക്കുകൾ സമർപ്പിക്കണം | 1-14 |
| 15 | ഷീറ്റ്ഫെഡ് സ്കാനർ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 16 | ബെയ്‌ലിങ്ങ് മെഷീൻ ലഭ്യമായില്ല | 1-16 |
| 17 | പട്ടികജാതിയിൽപ്പെട്ട ബിരുദബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ലഭ്യമായില്ല | 1-17 |
| 18 | ശാരീരിക, മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ | 1-18 |
| 19 | ലൈഫ് മിഷൻ - ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. | 1-19 |
| 20 | വ്യക്തിഗത ഗാർഹിക ശുചിമുറി നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 1-20 |
| 21 | വാഹനപരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-21 |
| 22 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് മുഴുവൻ കാലയളവിലും നൽകിയിട്ടില്ല | 1-22 |

| | | |
|---|---|---|
| 23 | സാന്ത്വനം-പാലിയേറ്റീവ് കെയർ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-23 |
| 24 | മരാമത്ത് പ്രവൃത്തികൾ - പൊതുവായ വിവരങ്ങൾ | 1-24 |
| 25 | ഗവൺമെന്റ് എൽ. പി. സ്കൂൾ നവീകരണത്തിനായി വ്യത്യസ്ത പ്രൊജക്ടുകൾ രൂപീകരിച്ചത് | 1-25 |
| 26 | വൃദ്ധ സദനം പ്രവർത്തനക്ഷമമാക്കണം | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

19.02.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണ സമിതി 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ഈ ബജറ്റ് പുതുക്കുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടില്ല. ബഡ്ജറ്റിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,684,369.00 |
| വരവ് | 219,180,500 |
| ആകെ | 220864869 |
| ചെലവ് | 217,298,163 |
| നീക്കിയിരിപ്പ് | 3566706 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 07.07.2022 | NA | NA |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15035264 |
| വരവ് | 95496213 |
| ആകെ | 110531477 |
| ചെലവ് | 96555378 |
| നീക്കിയിരിപ്പ് | 13976099 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട് | ACR പ്രകാരം | 0 | 13895691 | 13895691 | 12,418,225 | 1477466 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ | GO Project | 0 | 1353200 | 1353200 | 1,353,200 | 0 |
| | ആകെ | 0 | 15248891 | 15248891 | 13,771,425 | 1477466 |
| വികസന ഫണ്ട് എസ്.സി.പി | ACR പ്രകാരം | 0 | 10660843 | 10660843 | 10,632,177 | 28666 |
| | GO Project | 0 | 711333 | 711333 | 711,333 | 0 |
| | ആകെ | | 11372176 | 11372176 | 11,343,510 | 28666 |
| മെയിന്റനൻസ്, റോഡ് | | | 15508000 | 15508000 | 14,962,857 | 545143 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5216968 | 5216968 | 4,618,800 | 598168 |
| 14th CFC Grant For Spill Over Works (Untied) | | 0 | 1925327 | 1925327 | 1,213,401 | 711926 |
| 14th CFC Grant For Spill Over Works (Tied) | | 0 | 1851084 | 1851084 | 1392021 | 459063 |
| 15th CFC Grant - Untied | | 0 | 3138587 | 3138587 | 1,020,277 | 2118310 |
| 15th CFC Grant - Tied | | 0 | 4522000 | 4522000 | 4177749 | 344251 |
| | | | | | | |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| MG NREGS | | 39411.24 | 44367073.76 | 44406485 | 44,310,089 | 96396 |
| ICDS | | 575,392 | 1,440,719 | 2016111 | 993,064 | 1023047 |
| സ്വച്ച് ഭാരത് | | 48208 | 159,593 | 207801 | 159,593 | 48208 |
| ശുചിത്വ മിഷൻ | | 2941733 | 0 | 2941733 | 1,794,241 | 1147492 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | | |
| കോവിഡ് | | 114,700 | 630,357 | 745057 | 630357 | 114700 |
| ബഡ്സ് സ്കൂൾ - ട്രഷറി | | 750,000 | 0 | 750,000 | 0 | 750000 |
| ബഡ്സ് സ്കൂൾ - ബാങ്ക് | | 786,750 | 482,150 | 1268900 | 786750 | 482150 |
| മഹാകവി ഒളപ്പമണ്ണ സ്മാരകം | | 4,443,329 | 2500000 | 6943329 | 6697118 | 246211 |
| ലൈഫ് സംസ്ഥാന വിഹിതം | | 0 | 300,000 | 300000 | 0 | 300000 |

സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാത്തതിനാൽ ₹5326564/- നഷ്ടപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 97011602 | 151 | 62843666 | 0 | 14 | 91.52 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 9025000 | 7156000 | 79.29 |
| വെറ്റിനറി സർജൻ | 1 | 1 | 50000 | 50000 | 100 |
| മെഡിക്കൽ ഓഫീസർ (PHC) | 2 | 2 | 553000 | 553000 | 100 |
| മെഡിക്കൽ ഓഫീസർ (Homoeo) | 1 | 1 | 264000 | 264000 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 1 | 1 | 300000 | 300000 | 100 |
| ICDS സൂപർവൈസർ | 3 | 3 | 4023800 | 2880633 | 71.59 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 25 | 20 | 7410062 | 5767402 | 77.83 |
| ഹെഡ്മാസ്റ്റർ (GLPS) | 3 | 3 | 1530548 | 1515627 | 99.03 |
| VEO | 12 | 12 | 26402628 | 6134919 | 23.24 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 103 | 94 | 39030907 | 31154429 | 79.82 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 550000 | 550000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 7871657 | 6517656 | 82.8 |
| ആകെ | 165 | 151 | 97011602 | 62843666 | 64.78 |

അംഗീകാരം ലഭിച്ച 165 പദ്ധതികളിൽ 151 എണ്ണം (91.5%) നടപ്പാക്കിട്ടുണ്ട്. ചെലവു പത്രിക പ്രകാരം വകയിരുത്തിയ തുകകളിൽ 64.78% ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൃഷി ഓഫീസർ, വി.ഇ.ഒ., അസിസ്റ്റന്റ് സെക്രട്ടറി ഇവർ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരങ്ങൾ ചെലവു പത്രികയിൽ ചേർക്കുമ്പോൾ ഗുണഭോക്തൃവിഹിതമായി വകയിരുത്തിയ തുക ചേർത്തിട്ടുണ്ടെങ്കിലും ചെലവഴിച്ച തുക ചേർത്തിട്ടില്ല. ഇക്കാരണത്താൽ തന്നെ അടങ്കൽ തുകയെ ആസ്പദമാക്കി പട്ടികയിൽ കാണിച്ചിരിക്കുന്ന ചെലവു ശതമാനം കൃത്യമായി കണക്കാക്കാനാവുന്നില്ല. ചെലവു പത്രികയിലെ വിവരങ്ങൾ കൃത്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39,411.24 | 784009.76 | 823421 | 727025 | 96396 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 43583064 | 43583064 | 43583064 | 0 |
| | 39411.24 | 44367073.76 | 44406485 | 44310089 | 96396 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 10558600 | 537 |
| 2 | വിധവാ പെൻഷൻ | 23101600 | 1235 |
| 3 | വാർദ്ധക്യകാല പെൻഷൻ | 33143500 | 1925 |

| | | | |
|---|---|---|---|
| 4 | വികലാംഗ പെൻഷൻ | 6326000 | 325 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 235333 | 325 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2023ഉച്ചയ്ക്ക് ശേഷം 2.30ന് സ്ഥാപനത്തലവനായ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹17,115/- (പതിനേഴായിരത്തി ഒരുനൂറ്റി പതിനഞ്ച് രൂപ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നികുതികളും ഫീസുകളും ഡിമാന്റ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും കൃത്യത പാലിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കേണ്ടതും അതുപ്രകാരം രേഖകൾ കൃത്യതയോടെ സൂക്ഷിക്കേണ്ടതുമാണ്.

സാധന സാമഗ്രികളും ഔഷധങ്ങളും വാങ്ങിക്കുന്നതിൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ

പാലിക്കേണ്ടതും മുൻകൂർ തുക നൽകുന്ന സംഗതികളിൽ കരാറിലെ സമയ പരിധിക്കുള്ളിൽ ഇവ ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ ആവിഷ്കരിക്കുന്ന പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പാക്കേണ്ടതും ലഭിക്കേണ്ട ആനുകൂല്യം പൂർണ്ണമായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

ഭവന നിർമ്മാണ പ്രൊജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ഏറ്റവും അർഹരായവരെ ഉൾപ്പെടുത്തുകയും എല്ലാ ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

വാഹനങ്ങൾ പരിപാലിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ അതത് സാമ്പത്തിക വർഷം പൂർത്തിയാക്കാനാവുന്ന വിധത്തിൽ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതും കേരള പഞ്ചായത്ത് രാജ് (മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

പ്രത്യേക ഗ്രാന്റുകൾ സർക്കാരിൽ നിന്നും ലഭ്യമാവുന്ന സഗതികളിൽ ഗ്രാന്റ് അനുവദിച്ചുത്തരാവുകുമ്പോൾ സർക്കാർ വെക്കുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

ഓഡിറ്റ് സമയത്ത് ഓഡിറ്റ് അന്വേഷണത്തിലൂടെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ₹14,400/- ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ഇതിൽ ₹8400/- പിഴയിനത്തിൽ ഈടാക്കിയതായതിനാൽ തനത് ഫണ്ടിൽ മുതൽകൂട്ടാവുന്നതാണ്. ₹6000/- 14ാം ധനകാര്യ കമ്മീഷൻ അവാർഡിൽ (ടൈഡ്) നിന്നും സബ്സിഡി അധികം നൽകിയയിനത്തിൽ പിൻവലിച്ച തുകയാണ്. ഇത് ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ഇനത്തിൽ ഗ്രാമ പഞ്ചായത്തിലുള്ള അക്കൗണ്ടിൽ തിരിച്ചടക്കാവുന്നതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.01.2022 | 01.12.2021 മുതൽ 27.01.2022 | 06.07.22 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-11-2015 മുതൽ 5-12-2015 വരെ | 2010-11 മുതൽ 2014-15 വരെ | 11-1-2016 | ഇല്ല |

2019 ഡിസംബർ മാസം മുതൽ 2021 ഡിസംബർ മാസം വരെയുള്ള പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകളിലായി 107 പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. അപാകങ്ങൾ പരിഹരിച്ച്

ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ള 236 സ്ഥാപനങ്ങളിൽ നിന്നും വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നത്. അടവാക്കാത്ത സ്ഥാപനങ്ങളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

2021-22 ലെ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ലൈസൻസ് നം21-22ലെ രജിസ്റ്റർ പ്രകാരം | സ്ഥാപനം/ മേൽവിലാസം | കെട്ടിടനം. | മേൽവിലാസം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | 21/21-22/B1/3517/ | കൺവെൻഷൻ സെന്റർ | IV/764 | സുരേഷ് എം.എസ് | 5 |
| 2 | 76/21-22/B1/23000/21 | പി.കെ.എം. ഹോളോബ്രിക്സ്. | X/718 | ജാമൽ, പറ്റുണ്ട, പരുത്തിപ്പുള്ളി | 3 |
| 3 | 197/21-22 | ഹൈപ്പർമാർക്കറ്റ് , | 5/686 | ചിത്ര സുരേന്ദ്രൻ, നിക്ഷ, ഇസ്റ്റ പരുത്തിപ്പുള്ളി | തൊഴിലാളി വിവരങ്ങൾ ലഭ്യമല്ല. |
| 4 | 84/21-22B1/2213/21 | ബ്രിക്സ് നിർമ്മാണം | V/518,520 | ലളിതാംബിക. പി.സി | 5 |
| 5 | 86/21-22/B1/2290/21 | സൂപ്പർമാർക്കറ്റ് | 10/462 | സജേഷ്.എ പുതുക്കോട്ടുകുളം | 2 |
| 6 | 37/21-22/ | ജനസേവനകേന്ദ്രം | 7/17 | ദീലിപ്, കലിങ്ങൽ പരുത്തിപ്പുള്ളി | 2 |
| 7 | 13/21-22/B1/2451/21 | പടക്കനിർമ്മാണശാല | 6/409 | ഷംല മോൾ | 2 |

| | | | | | |
|---|---|---|---|---|---|
| | | | | നെല്ലിക്കുന്നത്. അരിത്തികോട്, പരുത്തിപ്പുള്ളി | |
| 8 | 5/21-22/B1/2065/21 | ജാംസ് . കരിങ്കൽ ക്വാറി | 15/437 | സെതിൽ കെ.എം.നെച്ചൂർമലവട്ടം, തിരുവില്വാമല | 6 |

കേരള പഞ്ചായത്ത് നിയമം 205ാം വകുപ്പ് പ്രകാരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (12/13.01.2023) ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും, മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വിവരം ശേഖരിച്ച് അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും, വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-12 സഞ്ചയ -ലൈസൻസ്-പെർമിറ്റ് വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.</u>

ലൈസൻസ് അപേക്ഷയിലെ കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയസോഫ്റ്റ്വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വാർഡ് നം./ വീട് നം. | ലൈസൻസ് അപേക്ഷ പ്രകാരം | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|---|
| | | | ലൈസൻസ് നം. | വിസ്തീർണ്ണം | വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഉപയോഗക്രമം |
| 1 | ഹൈപ്പർ മാർക്കറ്റ് | 5/686 | 197/21-22 | 750 ച.മീ | 51.7 ച.മീ | $51.7m^2$x45=2068<br>വർദ്ധനവ്=824<br>LC 40<br>ആകെ =2932 | 100ച.മീ താഴെയുള്ളവ |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | എ.എം.എസ് സൂപ്പർമാർക്കറ്റ് | X/462 | 38/2020/21/B1/1080/21 | 400 ച.മീ | 53 ച.മീ | $53m^2$X 45=2862<br>LC=144<br>ആകെ=3006 | ,, |
| 3 | കെ.സി.എൽ സ്റ്റോർ | VII/503 | 92/21-22/B1/2397/21 | 140 ച.മീ | 13<br>ച.മീ | $13m^2$X45=702<br>LC= 36<br>ആകെ=738 | ,, |
| 4 | കുളിർമ സ്റ്റോർ | 8/10 | 95/21-22/B1/2406/21 | 300ച.മീ | 6 | $6m^2$x45=270<br>LC=4<br>ഇളവ്=189<br>ആകെ=76 | ,, |

കൂടാതെ ക്രമ നം.2ൽ ഉൾപ്പെട്ടിരിക്കുന്ന എ.എം.എസ് സൂപ്പർ മാർക്കറ്റ് എന്ന സ്ഥാപനത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ വിസ്തീർണ്ണം 400 ച.മീ. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ടി പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (14/16.1.2023) അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൻ നൽകുന്ന സത്യവാങ്മൂലത്തിൽ തെറ്റായ വിവരങ്ങൾ നൽകിയിരിക്കുന്നുവെന്ന് പഞ്ചായത്തിന് ബോദ്ധ്യമുണ്ടായിട്ടും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. പെർമിറ്റ് രേഖകൾ, സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ അടിസ്ഥാനമാക്കി ശരിയായ വിവരങ്ങൾ കണ്ടെത്തി നികുതി നിർണ്ണയം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിലുറപ്പ് പദ്ധതിയിൽ കണ്ടെത്തിയ അപാകങ്ങൾ

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിലെ 2021-22 വർഷത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ കേന്ദ്ര ഗ്രാമീണ മന്ത്രാലയത്തിന്റെ 17.07.2017 തീയതിയിലെ F.No.J1107/06/2016 നമ്പർ ഉത്തരവ് പ്രകാരം, ഫയലിൽ സൂക്ഷിക്കേണ്ട പ്രധാന രേഖകളിൽ ചുവടെ കാണുന്ന രേഖകൾ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

എ. ജിയോ ടാഗ്ഡ് ഫോട്ടോ.

ബി. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

സി. ഫോട്ടോഗ്രാഫ്സ്

ഡി. പൂർത്തികരണ സാക്ഷ്യപത്രം

2. പദ്ധതിനടത്തിപ്പ് ഫയലിലെ തീയ്യതിയും സൈറ്റ് ഡയറിയിലെ തീയതിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നം. LD/420903

പദ്ധതിയുടെ പേര് - പൊതു സ്ഥലങ്ങളിലെ തീറ്റ പുല്ല് കൃഷിയ്ക്ക് അനുയോജ്യമാക്കൽ

അടങ്കൽ തുക –300000/

AS-12(3) Dt.18.8.21

ആകെ തൊഴിൽ ദിനങ്ങൾ-1005

ഫയലിൽ പദ്ധതി തുടങ്ങിയ ദിവസം രേഖപ്പെടുത്തിയിരിക്കുന്നത് 22.10.2021 മുതൽ 31.10.2021വരെയാണ്. എന്നാൽ തൊഴിലാളികളുടെ മസ്റ്റർ റോളിൽ ഒപ്പു രേഖപ്പെടുത്തിയിരിക്കുന്നത് 1.10.21 മുതൽ 10.10.21 വരെയാണ്. ടി പ്രവർത്തിയുടെ സെറ്റ് ഡയറിയും ഇപ്രകാരമാണ്. ഇങ്ങനെ സംഭവിക്കാൻ ഇടയാക്കിയ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (13/16.01.2023 ) സൈറ്റ് ഡയറി മാറി പോയതാണെന്നും പദ്ധതിയുടെ എല്ലാരേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1) പ്രധാനരേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

2) പല ഫയലുകളിലും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പൂർത്തീകരിച്ച പദ്ധതിയുടെ വിവരങ്ങൾ വ്യക്തമാക്കുന്ന സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3) പദ്ധതിയുടെ നിർവ്വഹണ രീതികൾ വ്യക്തമാക്കുന്ന 3 ഘട്ടത്തിലുള്ള ഫോട്ടോസ് സൂക്ഷിക്കേണ്ടതാണ്.

## 1-14 സംസ്ഥാന ഓഡിറ്റ് വകുപ്പിന് കണക്കുകൾ സമർപ്പിക്കണം

കേരള സംസ്ഥാന സാംസ്കാരിക വകുപ്പിൽ നിന്നും മഹാകവി ഒളപ്പമണ്ണ സ്മാരകം നിർമ്മിക്കുന്നതിന് ലഭിച്ച ഒരു കോടി രൂപ ചെലവഴിച്ച് സാംസ്കാരിക നിലയം നിർമ്മിച്ചത് ഹാബിറ്റാറ്റ് മുഖേനയാണ്. ഗ്രാമ പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഉപയോഗിച്ച് സെക്രട്ടറി ഹാബിറ്റാറ്റ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ

നടപ്പാക്കുകയാണുണ്ടായത്. സാംസ്കാരികകാര്യ (ബി) വകുപ്പിന്റെ 31.05.2022ലെ സ.ഉ.(സാധാ) നം. 341/2022/CLAD പ്രകാരം ലഭ്യമായ ഗ്രാന്റിന്റെ വാർഷിക ഓഡിറ്റ് നടത്തി ധനവിനിയോഗ സാക്ഷ്യപത്രം നൽകുന്നതിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കായി ലഭ്യമായ ഗ്രാന്റിന്റെ വരവുചെലവു കണക്കുകളും സ്മാരക നടത്തിപ്പിനായി രൂപീകരിച്ച കമ്മിറ്റിയുടെ വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പാലക്കാട് ജില്ലാകാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 04.08.2022ലെ കെ.എസ്.എ.പി.കെ.ഡി. 23/1698/2022 നമ്പർ കത്ത് നൽകിയെങ്കിലും നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രതികരിച്ചുകാണുന്നില്ല. ഗ്രാന്റായി ലഭിച്ച തുകയുടെ വരവു-ചെലവു കണക്കുകളും സ്മാരക നടത്തിപ്പിനായി രൂപീകരിച്ച കമ്മിറ്റിയുടെ വിവരങ്ങളും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 1-15 ഷീറ്റ്ഫെഡ് സ്കാനർ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 249/22: ഐ.എൽ.ജി.എം.എസ് സാങ്കേതിക സജ്ജീകരണങ്ങൾ ഒരുക്കൽ |
| അടങ്കൽ | 96949 ( വികസനഫണ്ട് - ജനറൽ ) |
| ചെലവ്, ബിൽ നം | 96949/- 28 / 19.03.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് സാങ്കേതിക സജ്ജീകരണങ്ങൾ ഒരുക്കുന്നതിനായി മേൽ സൂചിപ്പിച്ച പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് Sheetfed Scanner വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ട് നമ്പറിലേക്ക് ( 799011400003959 ) ലേക്ക് 96949 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ Sheetfed Scanner ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം-

17 / 16.01.23 ) സ്പെസിഫിക്കേഷൻ പ്രകാരമുള്ള സ്കാനർ സ്റ്റോക്ക് ഇല്ലെന്നും ആയത് വരുന്ന മുറക്ക് സപ്പ്ലൈ ചെയ്യുന്നതാണെന്നും ഐ.ടി മിഷൻ അറിയിച്ചിട്ടുണ്ടെന്നും നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

**1-16 ബെയ്‌ലിങ്ങ് മെഷീൻ ലഭ്യമായില്ല**

| | |
|---|---|
| പ്രൊജക്റ്റ് നം/ പ്രൊജക്റ്റിന്റെ പേര് | 133/22: ബെയ്‌ലിങ്ങ് മെഷീൻ വാങ്ങൽ (സ്പിൽ ഓവർ ) |
| അടങ്കൽ | 562000 ( കേന്ദ്രാവിഷ്കൃതം ) |
| ചെലവ് | 556500/- |
| റികിസിഷൻ നം, തീയതി | 5085707201210018 / 05.11.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഹരിതകർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എം.സി.എഫ് കെട്ടിടത്തിലേക്ക് ബെയ്‌ലിങ്ങ് മെഷീൻ വാങ്ങുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച പദ്ധതി സ്പിൽ ഓവർ പദ്ധതിയായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് 556500 രൂപ ക്ളീൻ കേരള കമ്പനിയുടെ SBI, ആൽത്തറ അക്കൗണ്ട് നമ്പർ – 33622776812 ലേക്ക് 6.11.2021 ന് UTR No – PUNBH 52021110616252181 പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ബെയ്‌ലിങ്ങ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് പദ്ധതി പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം- 18 / 16.01.23 ) എം.സി.എഫ് കെട്ടിടം വൈദ്യുതീകരണം പൂർത്തിയാവാത്തതിനാൽ ബെയ്‌ലിങ്ങ് മെഷീൻ സപ്ലൈ ചെയ്തില്ല എന്നും നിലവിൽ എം.സി.എഫ് കെട്ടിടം വൈദ്യുതീകരണം പൂർത്തിയായിട്ടുള്ള വിവരം ക്ളീൻ

കേരള കമ്പനിയെ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

## 1-17 പട്ടികജാതിയിൽപ്പെട്ട ബിരുദബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 134 , Spill Over |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതിയിൽപ്പെട്ട ബിരുദബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്. |
| അടങ്കൽ | 450000 (എസ്.സി.പി) |
| ചെലവ് | 435664 |
| ബിൽ നം, തീയതി | 2/30.10 .21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച്.എം. ഗവൺമെന്റ് എൽ.പി.സ്ക്കൂൾ , പെരിങ്ങോട്ടുകുറുശ്ശി . |

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് 16 ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ട് നമ്പറിലേക്ക് ( 79901140003959 ) ലേക്ക് 435664 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ലാപ്പ്ടോപ്പുകൾ ലഭ്യമായിട്ടില്ല. തുക തിരികെ സ്ക്കൂളിന്റെ അക്കൗണ്ടിലേക്ക് ( നം - 67187252221 ) ലഭ്യമാക്കുന്നതിനായി അസിസ്റ്റന്റ് മാനേജർ , സി.പി.ആർ.സി.എസിന് എച്ച്. എം കത്ത് നൽകിയിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്തി . ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 2 / 09-01-2023 ) നിർവ്വഹണഉദ്യോഗസ്ഥൻ താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ കഴിഞ്ഞില്ല. കൂടാതെ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ടെണ്ടർ കാലാവധി കഴിഞ്ഞു .ആയതിനാൽ GEM ൽ നിന്നും Bid Process വഴി വാങ്ങാൻ പാലക്കാട് ഡി.ഡി.പി യുടെ 14.03. 22 ലെ

ഉത്തരവു പ്രകാരം തീരുമാനമായി. അതിൻ പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ അടവാക്കിയ തുക തിരികെ ആവശ്യപ്പെടുകയും പ്രസ്തുത തുക 8.04.22 ന് ജി.എൽ.പി.എസ് പെരിങ്ങോട്ടുകുറുശ്ശിയുടെ 67187252221 – SBI കുഴൽമന്ദം എന്ന അക്കൗണ്ടിൽ ലഭ്യമാവുകയും ചെയ്തു. തുടർന്ന് 2022-23 വർഷത്തിൽ പ്രൊജക്ട് പൂർത്തീകരണത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിരീക്ഷണം:**

16 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം നടത്തി പ്രൊജക്ട് പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

**<u>1-18 ശാരീരിക, മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ</u>**

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും | 73/22: ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. |
| അടങ്കൽ | ₹1323800/- (വികസനഫണ്ട് -ജനറൽ – 769680 + തനതുഫണ്ട് – 4120 + ബ്ളോക്ക് ഷെയർ – 200000 + ഡിസ്ട്രിക്റ്റ് ഷെയർ - 350000 ) |
| ചെലവ് | ₹944,800/- |
| ബിൽ നമ്പർ | 2 / 02.09.21 – 100500<br>3 / 2.09.21 – 100500<br>4 / 2.09.21 – 320000<br>11 / 9.11.2021 – 73800 |

| | |
|---|---|
| | 12 / 15.11.2021 - 350000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 52 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 37 വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് പൂർണ്ണമായും നൽകിയിട്ടില്ല. ടി വിദ്യാർത്ഥികളിൽ 9 പേർക്ക് 27190രൂപ വീതവും 24 പേർക്ക് 20190 രൂപ വീതവും ഒരാൾക്ക് 20730 രൂപയും 2 പേർക്ക് 16000 രൂപ വീതവും ഒരാൾക്ക് 16300 രൂപയും ആണ് നൽകിയിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ ആകെ 2 വിദ്യാർത്ഥികൾക്ക് മാത്രമാണ് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.
ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ താഴെ പറയുന്ന വിദ്യാർത്ഥികളിൽ ചിലവർക്ക് അർഹമായതിലും കുറഞ്ഞ നിരക്കിലും ( ക്രമ നമ്പർ - 1 മുതൽ 11 വരെ ), മറ്റു ചിലവർക്ക് അർഹമായതിലും കൂടുതൽ നിരക്കിലും ( ക്രമ നമ്പർ - 12മുതൽ 13 വരെ ) സ്കോളർഷിപ്പ് നൽകിയതായി കണ്ടെത്തി.

| ക്രമ നമ്പർ | പേര് | പഠിക്കുന്ന സ്റ്റാന്റേർഡ് | അർഹമായ സ്കോളർഷിപ്പ് (പ്രതിമാസ സ്കോളർഷിപ്പ് + വാർഷികബത്ത ) | നൽകിയ സ്കോളർഷിപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | വിഷ്ണു .കെ.എൻ | Degree | 13000 | 7600 | 5400 |
| 2 | സൂരജ് .ടി.എസ് | 9th | 8000 | 4200 | 3800 |

| | | | | | |
|---|---|---|---|---|---|
| 3 | മുഹമ്മദ് യാസിർ ടി. ആർ | 5th | 6600 | 3500 | 3100 |
| 4 | ഗോപിക | 6th | 6600 | 3500 | 3100 |
| 5 | റിയ എൻ .ബി | 7th | 6600 | 3500 | 3100 |
| 6 | ബേബി സന ഫാത്തിമ | 5th | 6600 | 3500 | 3100 |
| 7 | ബേബി ശ്രീനാഥ് .കെ.എം | 10th | 8000 | 4200 | 3800 |
| 8 | മാസ്റ്റർ അശ്വിൻ .കെ | 4th | 5300 | 4400 | 900 |
| 9 | ശ്രീനന്ദ .കെ.എം | 7th | 6600 | 3900 | 2700 |
| 10 | കേശു. പി | 9th | 8000 | 4200 | 3800 |
| 11 | അക്ഷര . വി.ആർ | Degree | 13000 | 7600 | 5400 |
| 12 | അനീന.കെ.എസ് | 10th | 8000 | 18600 | 10600 |
| 13 | അഖിൽ ആർ | Plus Two | 8000 | 12200 | 4200 |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം -3 /10 .01.23 ) ഫണ്ടിന്റെ അപര്യാപ്തത മൂലം വിദ്യാർത്ഥികൾക്ക് അർഹമായ തുക നൽകാൻ സാധിച്ചില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്

ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം അർഹമായ നിരക്കിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ച് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ലൈഫ് മിഷൻ - ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

| പ്രൊജക്ടിന്റെ നമ്പരും പേരും | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 146/22: ലൈഫ് മിഷൻ - ഭവനനിർമ്മാണം | 2265437 ( വികസനഫണ്ട് - ജനറൽ – | 980000 (വികസനഫണ്ട് - ജനറൽ – 500000 + | ബിൽനമ്പർ-2/16.07.21 -120000 ബിൽനമ്പർ - 6 / 27.07.21 - 185437 |

| | | | | |
|---|---|---|---|---|
| ജനറൽ - സ്പിൽ ഓവർ | 840000 + സ്റ്റേറ്റ് ഷെയർ - 300000+ ഡിസ്ട്രിക്റ്റ് ഷെയർ– 745437+ മറ്റുള്ളവ - 380000 ) | ഡിസ്ട്രിക്റ്റ് ഷെയർ -480000) | ബിൽനമ്പർ- 7 / 27.07.21 - 160000<br>ബിൽ നമ്പർ - 09 / 30.09.21 - 180000<br>ബിൽ നമ്പർ - 15 / 30.09.21 – 134563<br>ബിൽ നമ്പർ - 19 / 25.10.21 - 120000<br>ബിൽ നമ്പർ - 25 / 14.12.21 – 40000<br>ബിൽ നമ്പർ - 29 / 31.01.21 - 40000 | |
| 140/22: ലൈഫ് മിഷൻ - ഭവനനിർമ്മാണം – എസ്.സി.പി - സ്പിൽ ഓവർ | 9268000 ( വികസനഫണ്ട് - എസ്.സി.പി – 140000+ സ്റ്റേറ്റ് ഷെയർ- 2300000 ബ്ളോക്ക് ഷെയർ – 1948000+ ഡിസ്ട്രിക്റ്റ് ഷെയർ – 1200000+ മറ്റുള്ളവ - 3680000) | 2747828 ( വികസനഫണ്ട് – എസ്.സി.പി – 140000+ ബ്ളോക്ക് ഷെയർ – 1447828 + ഡിസ്ട്രിക്റ്റ് ഷെയർ- 1160000) | ബിൽ നമ്പർ - 3 / 16.07.21 - 100000<br>ബിൽ നമ്പർ - 4/ 16.07.21 - 647828<br>ബിൽ നമ്പർ - 11 / 30.09.21 -200000<br>ബിൽ നമ്പർ -12 / 30.09.21 - 500000<br>ബിൽ നമ്പർ - 13 / 30.09.21 -460000<br>ബിൽ നമ്പർ - 14 / 30.09.21 - 200000<br>ബിൽ നമ്പർ - 17 / 18.10.21 – 100000<br>ബിൽ നമ്പർ -18 / 25.10.21 - 40000<br>ബിൽ നമ്പർ -24 / 10.12.21 - 380000<br>ബിൽ നമ്പർ - 38 / 18.03.22 - 120000 | |
| 32/22: | 7768667 | 408667 | ബിൽ നമ്പർ - 20 / 12.11.21 - 240000 | |

| | | | |
|---|---|---|---|
| ലൈഫ് മിഷൻ - ഭവനനിർമ്മാണം – എസ്.സി.പി | ( വികസനഫണ്ട് – എസ്.സി.പി – 408667 + സ്റ്റേറ്റ് ഷെയർ– 2300000 + മറ്റുള്ളവ – 5060000 ). | ( വികസനഫണ്ട് – എസ്.സി.പി ) | ബിൽ നമ്പർ -22 / 12.11.21 -60000<br>ബിൽ നമ്പർ -23 / 16.11.21 - 40000<br>ബിൽ നമ്പർ -30 / 31.01.22 -68667 |
| 28/22 ലൈഫ് മിഷൻ 3 ാം ഘട്ടം -– ജനറൽ | 4200000 (വികസനഫണ്ട് - ജനറൽ – 1916800 + സ്റ്റേറ്റ് ഷെയർ - 700000 + മറ്റുള്ളവ - 1583200) | 195000 (വികസനഫണ്ട് - ജനറൽ) | ബിൽ നമ്പർ -41 / 30.03.22 - 195000<br>- / |

ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച പ്രകാരം 4 പ്രോജക്ടുകളാണ് ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, വൗച്ച് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഏതാനും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാതെ ഭാഗികമായി മാത്രം തുക കൈപ്പറ്റിയതായി കണ്ടെത്തി. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|
| 1 | സതസ്വതി W/O രാജകുമാരൻ ചുള്ളിക്കൽ വീട് തുവ്വക്കോട് | 240000 | 160000 |
| 2 | ധനലക്ഷ്മി W/O പ്രഭാത്കുമാർ അരുവാൻമൂല വീട് നടുവത്തുപ്പാറ | 388667 | 11333 |

| | | | |
|---|---|---|---|
| 3 | ഗിരീഷ്. കെ.എം കരുവാൻതൊടി പരുത്തിപ്പുള്ളി | 360000 | 40000 |
| 4 | പ്രീത W/O സുരേഷ്കുമാർ ഓത്തിയാംകോട് ചൂലനൂർ | 360000 | 40000 |
| 5 | തങ്കമണി W/O ഷൺമുഖൻ തുമ്പയാംകുന്ന് ചൂലനൂർ | 40000 | 360000 |
| 6 | കുമാരൻ S/O വേലൻ (Late ) , കരുമാൻതൊടി വീട് പിലാപ്പുള്ളി | 360000 | 40000 |
| 7 | ശാരദ W/O രാധാകൃഷ്ണൻ തോട്ടക്കര പരുത്തിപ്പുള്ളി | 300000 | 100000 |
| 8 | ഓമന W/O പ്രേംകുമാർ കാവുങ്കൽ വീട് വടക്കുംപുറം പെരിങ്ങോട്ടുകുറിശ്ശി | 360000 | 40000 |
| 9 | ശശികുമാർ പൂവ്വത്തിങ്കൽപറമ്പ് പിലാപ്പുള്ളി | 200000 | 200000 |
| 10 | സജിത W/O രാമൻകുട്ടി മണ്ണുവെട്ടുമട പിലാപ്പുള്ളി | 300000 | 100000 |
| 11 | ബീന D/O കണ്ടൻ കല്ലൻകാട് | 300000 | 100000 |

